**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5942** **16-03-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നഗരസഭയിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നഗരസഭയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നഗരസഭയിൽ നിലവിൽ നീക്കിവെച്ചിട്ടുള്ള തുക 9.4 കോടി രൂപയാണ്. ആയതിൽ ഒന്നാം വർഷ പദ്ധതികൾക്കായി 95,43,800 രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>തുമ്പൂർമൂഴി കൺസ്ട്രക്ഷൻ</th><th>MCF / RRF നവീകരണം & ഫയർ എക്സ്റ്റിൻഗ്യൂഷർ</th><th>കോവിഡ് അനുബന്ധ ചിലവുകൾ</th><th>ആകെ</th></tr>
<tr><td>5520000</td><td>3509000</td><td>514800</td><td>9543800</td></tr>
</table></td></tr>
<tr><td>(ബി)</td><td>നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റിനായി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;</td><td>(ബി)</td><td>ഇല്ല. ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള വിവരശേഖരണം നഗരസഭയിലുള്ള കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതിയുടെ പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) പൂർത്തീകരിച്ചിട്ടുള്ളതാണ്. ശേഖരിച്ച വിവരങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ഖരമാലിന്യ പരിപാലന പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഒന്നാം വർഷ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി IPE Global എന്ന ടെക്നിക്കൽ സർവ്വീസ് കൺസൾട്ടൻസിയെ ഏർപ്പെടുത്തുകയും ആയത് തയ്യാറാക്കി സമർപ്പിക്കുന്നത് അന്തിമ ഘട്ടത്തിലുമാണ്.</td></tr>
<tr><td>(സി)</td><td>നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?</td><td>(സി)</td><td>നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കേരള ഖരമാലിന്യ നിർമ്മാർജ്ജന പരിപാലന പദ്ധതി (KSWMP), IPE Global എന്ന ടെക്നിക്കൽ സർവ്വീസ് കൺസൾട്ടൻസിയെ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ നിയമിക്കുകയും മെയ് മാസത്തോടുകൂടി പ്രൊജക്റ്റ് റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ